Grace Books

Catalogue ▪ 2019


























മലയാളിയുടെ അന്വേഷണ ത്വരയെ ക്രമപ്പെടുത്തുന്നതും വൈവിധ്യമാർന്ന ജ്ഞാന മേഖലകളെ പ്രതിനിധീകരിക്കുന്നതുമായ പ്രസാധന സംസ്കാരമാണ് ഗ്രേസ് ബുക്സ് ഉൾക്കൊള്ളുന്നത്.

അധികം ശ്രദ്ധിക്കപ്പെടാതെ പോയ, വൈജ്ഞാനിക വിടവുകളെ നികത്തുക എന്ന പ്രാഥമിക ഉത്തരവാദിത്തവും വായനക്കാരന്റെ ഗവേഷണാത്മക ചിന്തകളെ പ്രചോദിപ്പിക്കുക എന്ന ലക്ഷ്യവും മുൻനിർത്തിയാണ് ഗ്രേസ് ബുക്സ് വിവിധ ടൈറ്റിലുകൾ പുറത്തിറക്കിയിട്ടുള്ളത്. രാഷ്ട്രീയം, സമൂഹം, ചരിത്രം, പൈതൃകം, സമുദായം, ഭാഷ, സാഹിത്യം, ശാസ്ത്രം തുടങ്ങിയ മേഖലകളിൽ അനൽപമായ സംഭാവനകൾ വിജ്ഞാന കൈരളിക്ക് പകർന്നുനൽകാൻ ഇതിനകം സാധിച്ചിട്ടുണ്ട്. നൂതനമായ ഗവേഷണാത്മക തലങ്ങളെ സാമാന്യമായി പരിചയപ്പെടുത്തുന്ന വിവിധ വൈജ്ഞാനിക ശേഖരങ്ങളെ ഇനിയും വെളിച്ചത്ത് കൊണ്ടുവരാൻ ഗ്രേസ് പ്രതിജ്ഞാബദ്ധമാണ്.




Grace Books

കെ.എം. സീതിസാഹിബ്

പി. ഖാലിദ്

കേരളീയ ജീവിതത്തെ സ്വാധീനിച്ച അതുല്യ വ്യക്തിയായിരുന്ന കെ.എം. സീതിസാഹിബ്. സ്വാതന്ത്ര്യസമര സേനാനി, നിയമസഭാ സാമാജികൻ, സ്പീക്കർ, ഉജ്ജ്വലവാഗ്മി, എഴുത്തുകാരൻ, സമുന്നത മുസ്ലിം ലീഗ് നേതാവ്, വിദ്യാഭ്യാസ പ്രവർത്തകൻ എന്നീ നിലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. അനുകരണീയമായിരുന്ന ആ വ്യക്തിവൈശിഷ്ട്യം. നവോത്ഥാന നായകനായ ആ മഹാമനീഷിയെ പത്രപ്രവർത്തകനും കഥാകാരനുമായ പി. ഖാലിദ് ആർദ്രമനോഹരമായി വരച്ചിടുന്നു ഈ കൃതിയിൽ.



നേത്രസ്മൃതി
Price: ₹250

ISBN:
9788192895208

ഇബ്രാഹിം ബേവിഞ്ചയുടെ അക്ഷരപഥങ്ങൾ

സി.ടി. ബഷീർ

അധ്യാപകൻ, കോളമിസ്റ്റ്, ഗ്രന്ഥകാരൻ തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ ഇബ്രാഹിം ബേവിഞ്ച മലയാള സാഹിത്യ നിരൂപണശാഖയിൽ സ്വന്തമായി ഒരിടം കണ്ടെത്തിയ പ്രതിഭാധനനാണ്. ഉത്തര കേരളത്തിൽ നിന്നു മലയാള വിമർശനഭൂമികയിലേക്ക് പ്രവേശിച്ച അദ്ദേഹം സാംസ്കാരിക സമന്വയത്തിന്റെയും സനാതന മൂല്യബോധത്തിന്റെയും ശക്തനായ വക്താവായി നിലയുറപ്പിക്കുന്നു. ഇബ്രാഹിം ബേവിഞ്ചയുടെ രചനകളിലൂടെ സഞ്ചരിച്ച സി.ടി ബഷീർ ഈ കൃതിയിൽ പ്രതിഭാശാലിയായ ഒരെഴുത്തുകാരന്റെ സാഹിതീസേവനം അടയാളപ്പെടുത്തുന്നു.



Price: ₹60

ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്

എ.കെ. രിഫാഇ

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ മുസ്‌ലിം രാഷ്ട്രീയത്തിന്റെ ദർശനം ആവിഷ്കരിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്ത ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് (1890-1972). ആദ്ധ്യാത്മിക ജീവിതത്തിലെ ആന്തരികചൈതന്യം തൊട്ടുനിന്നവരിലേക്കൊക്കെയും പടർത്തി. സംഘബോധവും ആശയദാർഢ്യവുംകൊണ്ട് ഒരു ജനതയെ ലക്ഷ്യബോധത്തോടെ വളർത്തി. ജനാധിപത്യബോധവും മതേതരചിന്തയും ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ അടിത്തറയാക്കിനിർത്തി. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ ആദ്യ അമരക്കാരൻ, തന്റെ ദൗത്യം പൂർത്തീകരിച്ചുവെന്ന് കാലവും ചരിത്രവും ജനങ്ങളും സാക്ഷ്യം വഹിച്ചു. ഇത്, ചരിത്രത്തെ തേജോമയമാക്കിയ ഒരുജീവിതത്തിന്റെ ചരിത്രം. തമിഴിലെ മൂലകൃതിയുടെ മൊഴിമാറ്റം.

മൊഴിമാറ്റം: ആലിക് വാഴക്കാട്



നേർമൃ മൂതി
Price: ₹200

ISBN 9788192895291

ബി.വി. അബ്ദുല്ലക്കോയ

കെ അബൂബക്കർ

മഹത്തായ ജീവിതമൂല്യങ്ങളെയ ർത്തിപ്പിടിച്ച് രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്ന ബി.വി. അബ്ദുല്ലക്കോയ സാഹിബ് (1914-1998). കേരള രാഷ്ട്രീയത്തിന്റെ ഗതിനി ർണ്ണയിച്ച ഒട്ടേറെ സംഭവങ്ങളുടെ സൂത്രധാരന്മാരിൽ ഒരാൾ. ബി.വി. യുടെ ജീവിതവും കാലവും അടയാള പ്പെടുത്തുന്ന ഗ്രന്ഥം.




നേത്രസ്മൃതി
Price: ₹210

കെ.കെ അബുസാഹിബ്

ടി.പി.എം. ബഷീർ

സ്വാതന്ത്ര്യത്തിനുമുമ്പ് മലബാറിലും പിന്നീട് കേരള രാഷ്ട്രീയത്തിലും തലയെടുപ്പോടെ നിന്ന നേതാവാ യിരുന്ന കെ.കെ. അബുസാഹിബ്. സർവേന്ത്യാ മുസ്ലിം ലീഗിന്റെ നേതാവും മുസ്ലിം ലേബർ യൂനി യന്റെ സ്ഥാപകനുമായ അദ്ദേഹം പിന്നീട് സോഷ്യലിസ്റ്റ് പ്രസ്ഥാ നത്തിന്റെ അമരത്തുവന്നു. 1981ൽ മുസ്ലിം ലീഗിൽ തിരിച്ചെത്തി. രണ്ടുതവണ നിയമസഭാംഗമായ അദ്ദേഹം തൊഴിലാളി പ്രസ്ഥാനനാ യകനായി ശോഭിച്ചു.

ഉജ്ജ്വല വാഗ്മിയും സംഘാടകനുമാ യിരുന്ന അബുസാഹിബിന്റെ ലഘു ജീവചരിത്രം.



നേത്രസ്മൃതി
Price: ₹80

മൗലാനാ അബുസ്സബാഹ് അഹ്മദ് അലി

പി. മുഹമ്മദ് കുട്ടശ്ശേരി

മൗലാനാ അബുസ്സബാഹ് അഹമദ് അലി. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരിക്കലും മറക്കാൻ പാടില്ലാത്ത നാമധേയമാണ്. ഫാറൂഖ് കോളേജിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും ഉദയത്തിനു കർമ്മസാക്ഷ്യംവഹിച്ച അബുസ്സബാഹ്, അക്ഷരാർത്ഥത്തിൽ വിഭാതത്തിന്റെ വിധാതാവായി. കേരള മുസ്ലിംകളുടെ പുരോഗതിയുടെ പാതയിൽ അദ്ദേഹം ഒരു വിളക്കുമരമായി നിൽക്കുന്നു. പ്രിയശിഷ്യനും സന്തത സഹചാരിയുമായിരുന്ന പി. മുഹമ്മദ് കുട്ടശ്ശേരി രചിച്ച ലഘു ജീവചരിത്രം.




നേത്രസ്മൃതി
Price: ₹60

സർ സയ്യിദ് അഹമ്മദ് ഖാൻ

എം.ഐ. തങ്ങൾ

ഇന്ത്യാ ഉപഭ്രഖണ്ഡത്തിന്റെ വിദ്യാഭ്യാസ-വൈജ്ഞാനിക ചരിത്രം സർ സയ്യിദ് അഹമ്മദ് ഖാന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണ്.

അലിഗർ മുസ്ലിം സർവ്വകലാശാലയുടെ സ്ഥാപകൻ എന്ന നിലയിൽ അറിയപ്പെടുന്ന സർ സയ്യിദ് അഹമ്മദ് ഖാനെക്കുറിച്ച് എഴുത്തുകാരനും പത്രപ്രവർത്തകനുമായ എം.ഐ. തങ്ങൾ രചിച്ച കൃതി.




നേത്രസ്മൃതി
Price: ₹100

ഒ. ആബു

ഇബ്രാഹിം ബേവിഞ്ച, സി.ടി. ബഷീർ

ഉദാരമതികളായ പണ്ഡിതൻമാർ പോലും 'അശുദ്ധ'മെന്ന് വിളിച്ച് ഭാഷാ ഭേദങ്ങളെ വിചാരണ ചെയ്ത കാലത്ത് അറബിമലയാളത്തെ കുറിച്ച് അഭിമാനത്തോടെ സംസാരിച്ചുകൊണ്ടിരുന്ന ഭാഷാസ്നേഹിയാണ് ഒ. ആബു.

അദ്ദേഹത്തിന്റെ കർമ്മമണ്ഡലങ്ങളെല്ലാം അക്ഷരങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. ഒ. ആബുവിന്റെ സാഹിത്യശ്രമങ്ങളെ അടുത്തു നിന്ന് പരിശോധിക്കുകയാണ് ഇബ്രാഹിം ബേവിഞ്ച. വ്യക്തി ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു, അനന്തരഭാഗത്ത് സഹപ്രവർത്തകനായിരുന്ന സി.ടി. ബഷീർ



നേതൃസ്മൃതി
Price: ₹75

ബി. പോക്കർ സാഹിബ്

കെ.പി. കുഞ്ഞിമൂസ

മലബാർ രാഷ്ട്രീയത്തിലെ അതികായനായിരുന്ന ബി. പോക്കർ സാഹിബ്. ഭരണഘടനാ നിർമ്മാണ സമിതി അംഗം, ഒന്നും രണ്ടും ലോക് സഭകളിലെ സജീവ അംഗം എന്നീ നിലകളിൽ വ്യക്തിമുദ്രപതിപ്പിച്ച ബി. പോക്കർസാഹിബിന്റെ ലഘു ജീവചരിത്ര കൃതി.



നേതൃസ്മൃതി
Price: ₹70

പി.എ. സെയ്തുമുഹമ്മദ്

ജമാൽ കൊച്ചങ്ങാടി

അകത്തുനിന്ന് അപഗ്രഥിക്കേണ്ട അക്കാദമിക വിഷയം മാത്രമായി കണക്കാക്കപ്പെടുന്ന ചരിത്രത്തെ ആകുലവിസത്തിനുള്ള ഉപദാനമാക്കി മാറ്റിയ അത്ഭുതവ്യക്തിത്വമാണ് പി.എ സെയ്തുമുഹമ്മദ്. ചരിത്രസ്മൃതികളെ വർത്തമാനകാലത്തിന്റെ പുനർനിർവ്വചനത്തിനുള്ള ഊർജ്ജസ്രോതസ്സാക്കി മാറ്റുകയായിരുന്നു അദ്ദേഹം.

ഒരു കാലത്ത് അദ്ദേഹത്തെ കൗതുകത്തോടെ പിന്തുടർന്ന പിൻമുറക്കാരൻ ജമാൽ കൊച്ചങ്ങാടി തയ്യാറാക്കിയ ലഘു ജീവചരിത്രം.




നേത്രസ് മൂതി
Price: ₹75

ടി. ഉബൈദ്

കെ. അബൂബക്കർ

ആധുനിക കേരളത്തിന്റെ മതേതര സംസ്കാരത്തിന് അത്യുത്തര കേരളത്തിന്റെ സംഭാവനയാണ് ടി. ഉബൈദ്. ഐക്യകേരള പ്രസ്ഥാനത്തിന്റെ ഊർജ്ജസ്വലനായ നേതാവ്. മലയാള കവിതക്ക് പുതിയ ഈണങ്ങൾ സമ്മാനിച്ച കവി. അറബി മലയാളത്തിലെ ഈടുവെപ്പുകൾ മാതൃഭാഷക്ക് മുതൽക്കൂട്ടിയ ഭാഷാസേവകൻ.

വ്യത്യസ്തങ്ങളായ മേഖലകളിൽ ടി. ഉബൈദ് നൽകിയ സംഭാവനകളെ വിശകലനം ചെയ്യുന്ന കൃതി.



നേത്രസ് മൂതി
Price: ₹80

മൗലവി കാടേരി മുഹമ്മദ് അബുൽകമാൽ

ഡോ. കെ.എം. ബഹാഉദ്ദീൻ ഹുദവി

ഇസ്‌ലാം മത വിജ്ഞാനസാഗരത്തിന്റെ ആഴംകണ്ട പണ്ഡിത പ്രമുഖരിലൊരാളാണ് കാടേരി ഉസ്താദ്. തെളിമയാർന്ന ചിന്തകൊണ്ടും പ്രതിഭയാർന്ന പാണ്ഡിത്യംകൊണ്ടും കർമ്മശാസ്ത്ര വ്യവഹാരങ്ങളിലെ കരുക്കഴിക്കാൻ പ്രാവീണ്യം നേടി. സ്വതന്ത്രമായ നിരീക്ഷണങ്ങളും സുചിന്തിതമായ നിലപാടുകളും കർമ്മവീഥിയിൽ കരുത്തായി. ആത്മീയ ചൈതന്യത്തിന്റെ പ്രഭചൊരിഞ്ഞ ആ ജീവിതം തലമുറകൾക്ക് മാർഗ്ഗദർശനമായി.




നേതൃസ്മൃതി
Price: ₹150

ISBN
9788192895284

വക്കം അബ്ദുൽഖാദർ

എ.കെ. അബ്ദുൽ മജീദ്

മലയാള സംസ്കൃതിയെ തന്റെ പ്രതിഭാവിലാസംകൊണ്ട് സമ്പന്നമാക്കിയ വ്യക്തിത്വമാണ് വക്കം അബ്ദുൽഖാദർ (1912-1976). പ്രശസ്തനായ പിതാവിന്റെ പ്രഗൽഭനായ ഈ പുത്രൻ മലയാള സാഹിത്യത്തിന് ഈടുറ്റ സംഭാവനകൾ നൽകി. അദ്ദേഹത്തിന്റെ ജീവിതത്തിലേക്കും രചനകളിലേക്കും എത്തിനോക്കുന്ന പഠനമാണ് ഈ കൃതി.




നേതൃസ്മൃതി
Price: ₹60

സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ

എം.സി. വടകര

സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ (1906-1973) ഒരു കാലഘട്ടത്തിൽ കേരള രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിയന്ത്രിച്ച ജനനേതാവാണ്. മത സൗഹാർദ്ദത്തിനും സാമൂഹികനീതിക്കും പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതിക്കും വേണ്ടി നിലകൊണ്ട അദ്ദേഹം കറപുരളാത്ത വ്യക്തിത്വവും അടിയുറച്ച മതചിട്ടകളും ആർജ്ജവവും നിലനിറുത്തി പൊതുജീവിതത്തിൽ തിളങ്ങുന്ന മാതൃകയായി. ആ ജീവിതത്തെക്കുറിച്ച് പുതിയ തലമുറക്ക് അറിവുപകരുന്ന ഗ്രന്ഥം.




നേതൃസ്മൃതി
Price: ₹250

6th Edition

കോട്ടാൽ ഉപ്പി സാഹിബ്

കെ.പി. കുഞ്ഞിമൂസ

കോട്ടാൽ ഉപ്പി സാഹിബ് മലബാറിൽ ആദർശരാഷ്ട്രീയത്തിന്റെ ദീപ്ത വഴി തെളിയിച്ച നേതാക്കളിൽ ഒരാളാണ്. അറിവായിരുന്നു അദ്ദേഹത്തിന്റെ വഴികാട്ടി. ത്യാഗമായിരുന്നു വഴി. ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ അസ്തിത്വ ഭദ്രതയായിരുന്നു അടിയന്തര ലക്ഷ്യം. രാജ്യക്ഷേമമായിരുന്നു വിശാല താൽപര്യം. നിർദ്ദിഷ്ടമാർഗ്ഗത്തിൽ വിനിയോഗിച്ച ജീവിതം ദൈവസമക്ഷം സമർപ്പിക്കുകയായിരുന്നു അത്യന്തിക ഉന്നം. കാലം തേടുന്ന പാഠങ്ങൾ പലതുമുണ്ട് ആ ജീവിതത്തിൽ.



നേതൃസ്മൃതി
Price: ₹250

എൻ.വി. അബ്ദുസ്സലാം മൗലവി

പി. മുഹമ്മദ് കുട്ടശ്ശേരി

മതപണ്ഡിതൻ, രാഷ്ട്രീയ നേതാവ്, സാമൂഹിക പരിഷ്കർത്താവ്, വിദ്യാഭ്യാസ പ്രവർത്തകൻ, എഴുത്തുകാരൻ, പ്രഭാഷകൻ - അക്ഷരാർത്ഥത്തിൽ ബഹുമുഖ വ്യക്തിത്വത്തിനുടമയായിരുന്ന എൻ.വി. അബ്ദുസ്സലാം മൗലവി. വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും മൂല്യങ്ങൾ ആഴത്തിലുറഞ്ഞുകൂടിയ ജീവിതമാതൃക കേരളീയ സമൂഹത്തിൽ തലമുറകൾക്ക് പ്രചോദനമായി. ലാളിത്യവും വിനയവും ധിഷണയും കർമ്മോത്സുകതയും സമംചേർന്ന ആ ധന്യജീവിതം ലളിതമനോഹരമായ ഭാഷയിൽ പകർത്തിവെക്കുന്ന ഈ പുസ്തകം.




നേതൃസ്മൃതി
Price: ₹150

പുലിക്കോട്ടിൽ കൃതികളിലെ ഏറനാടൻ സംസ്കൃതി

കുഞ്ഞിമുഹമ്മദ് പുത്തലത്ത്

ഏറനാടിന്റെ ഭാഷയും സംസ്കാരവും തന്റെ കൃതികളിൽ അടയാളപ്പെടുത്തിയ മാപ്പിള കവിയാണ് പുലിക്കോട്ടിൽ ഹൈദർ. പരിചിതമായ പ്രമേയസ്വീകാരത്തിലൂടെയും ലളിതമായ ഭാഷാപ്രയോഗങ്ങളിലൂടെയും മാപ്പിളപ്പാട്ടിനെ ജനകീയമാക്കിയവരിൽ ഏറെ പ്രമുഖനാണ് ഈ സർഗപ്രതിഭ. മികച്ച നിമിഷകവി കൂടിയായിരുന്ന അദ്ദേഹം തന്റെ ചുറ്റുപാടുകളിൽ കണ്ടതെല്ലാം 'പാട്ടിലാക്കി' - നായാട്ടും കാളപൂട്ടും വെള്ളപ്പൊക്കവും മതവും രാഷ്ട്രീയവുമെല്ലാം. പുലിക്കോട്ടിൽ കൃതികളിലെ ഏറനാടൻ സംസ്കാരത്തെക്കുറിച്ചുള്ള ഒരു സാഹിത്യീയാന്വേഷണമാണ് ഈ പുസ്തകം.



നേതൃസ്മൃതി
Price: ₹100

സീതിസാഹിബ് സ്മാരകഗ്രന്ഥം

ആധുനിക കേരള നിർമ്മിതിയിൽ പ്രസ്താവ്യമായ പങ്കുവഹിച്ച കെ.എം. സീതിസാഹിബി (1899-1961) നെക്കുറിച്ചുള്ള ഓർമ്മകൾ ഉജ്ജ്വലിപ്പിക്കുന്ന വിശിഷ്ട ഗ്രന്ഥമാണ് സീതിസാഹിബ് സ്മാരകഗ്രന്ഥം. സീതിസാഹിബിന്റെ മരണശേഷം 1961ൽ തന്നെ കോഴിക്കോട്ട് ത്രുപവൽക്കരിച്ച അനുസ്മരണ സമിതിയാണ് ചരിത്ര പ്രാധാന്യമുള്ള ഈ സമാഹാരം പുറത്തിറക്കിയത്.

മുസ്‌ലിം ലീഗിന്റെ സമുന്നത നേതാവ്, നിരവധി സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപകൻ, പല പ്രമുഖ വ്യക്തികളുടെയും മാർഗ്ഗദർശി, ഉജ്ജ്വല വാഗ്മി, എഴുത്തുകാരൻ, ദ്വിഭാഷി, നിയമസഭാംഗം, സ്പീക്കർ തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ സീതിസാഹിബ് ദേശീയപ്രസ്ഥാനത്തിലൂടെ രംഗത്ത് വന്ന ബഹുമുഖപ്രതിഭയായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിത്വത്തെയും സംഭാവനകളേയും കാലഘട്ടത്തേയും അടയാളപ്പെടുത്തുന്ന ലേഖനങ്ങളാണ് ഇതിന്റെ ഉള്ളടക്കം. പിന്നീട് വന്ന സീതിസാഹിബ് പഠനങ്ങൾക്ക് ഉപദാനമായി നിലകൊണ്ട ഈ സ്മാരക ഗ്രന്ഥം നവോത്ഥാനനായകനായ സീതിസാഹിബിനെക്കുറിച്ച് അറിയാൻ പുതുതലമുറയ്ക്ക് സഹായകമാവും.




Price: ₹200

ഞാനറിയുന്ന നേതാക്കൾ

ഇ. അഹമ്മദ്

ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ ആദ്യകാല നേതാക്കളുമായി ഇ. അഹമ്മദ് സാഹിബിന്റെ ജീവിതാനുഭവങ്ങളാണ് ഈ പുസ്തകം. വിദ്യാർത്ഥി നേതാവിൽനിന്ന് വിശ്വപൗരനായി വളർന്ന ഇ. അഹമ്മദ് എന്ന ദേശീയ നേതാവിന്റെ രാഷ്ട്രീയ ജീവിതത്തിന്റെ ചരിത്രം കൂടിയാണിത്. ഒപ്പം, കേരള രാഷ്ട്രീയത്തിലെ സംഭവബഹുലമായ ഒരു കാലഘട്ടത്തിന്റെ ആധികാരികമായ വിവരണവും.



Price: ₹180

ഞാനറിയുന്ന സി.എച്ച്

ഇ. അഹമ്മദ്

കേരള രാഷ്ട്രീയത്തിലെ ഏറ്റവും തിളക്കമാർന്ന അദ്ധ്യായങ്ങളിലൊന്നാണ് സി.എച്ചിന്റെ ജീവചരിത്രം. ആ രാഷ്ട്രീയജീവിതത്തെ നിഴൽപോലെ പിന്തുടർന്ന അനുയായി, ദേശീയ രാഷ്ട്രീയത്തിലെ അതികായനായും വിശ്വപൗരനായും വളർന്ന. രാഷ്ട്രീയ ജീവിതത്തിലുടനീളം മാതൃകയായും പ്രചോദനമായും നിലകൊണ്ട പ്രിയനേതാവിന്റെ ഓർമ്മകൾ തെളിമയോടെ പകർത്തിവെക്കുന്ന ഈ കൃതി.



Price: ₹230

ഇസ്ലുഹു അഹ്മദ്

പുത്തൂർ റഹ്മാൻ

ദൈവവിശ്വാസവും ആത്മവിശ്വാസവും അറിവും പരന്നവായനയും ആർജ്ജിച്ചെടുത്ത വൈഭവങ്ങളും, ഇടകലരാനും ഇടപഴകാനുമുള്ള സന്നദ്ധതയും ഉത്സാഹവും അഹമ്മദ് സാഹിബിനെ എത്രമാത്രം ആദരണീയനാക്കി. ഈ പുസ്തകം ഇക്കാര്യങ്ങൾ പല തലങ്ങളിൽ അനാവരണം ചെയ്യുന്നു. ഓർമ്മകളുടെയും ആശയങ്ങളുടെയും വെളിച്ചത്തിലാണത്.

നമ്മുടെ കാലത്തിന്റെ ആഹ്വാനം, ജനാധിപത്യ മതേതര ഇന്ത്യയുടെ വീണ്ടെടുപ്പിന്, ആ വഴിത്താരയിലെ ന്യൂനപക്ഷരാഷ്ട്രീയത്തിന്റെ പങ്കുകണ്ടെത്തുന്നതിന് നാം ഒരുങ്ങിയിറങ്ങുക എന്നതാണ്. അതിനു തകുന്ന ഏതുപ്രവൃത്തിയും - എഴുത്തായാലും വായനയായലും ആലോചനകളായാലും; ഇക്കാലത്തെ അധികമൂല്യമുള്ള രാഷ്ട്രീയപ്രവർത്തനമാണ്. അതിനാൽ ഈ പുസ്തകം ഒരു രാഷ്ട്രീയകർത്തവ്യം കൂടിയാണ് നിറവേറുന്നത്.

– പാണക്കാട് സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ




Price: ₹250

റമദാൻ ഉറുദി

റഫീക് തിരുവള്ളൂർ

വ്രതവും അതുവഹിക്കുന്ന ശരീരവും നിരവധി വ്യവഹാരങ്ങൾ ഉള്ളടങ്ങുന്ന സ്ഥലകാലമാണ്. വ്രതം എന്ന തത്വവും അതിന്റെ പ്രയോഗവൈരുധ്യങ്ങളും സൃഷ്ടിക്കുന്ന സാമൂഹ്യസംഘർഷങ്ങളാണ് ഈ ബ്ലോഗെഴുത്തുകളുടെ ധ്വനിപാഠം. ആധുനിക നാഗരികതയുടെ ദിശാസൂചി അറിഞ്ഞ ഒരു യുവവിശ്വാസിയുടെ രാഷ്ട്രീയവും ആത്മീയവുമായ അങ്കലാപ്പുകളും, യാഥാർത്ഥ്യത്തിന്റെ പൊരുളും പൊയ്മുഖവും തിരിച്ചറിയാൻ പാകത്തിൽ മതവും സമൂഹവും വ്രതമെന്ന അനുഭവത്തെ നയിക്കുന്നില്ല എന്ന ആത്മവിമർശനവും ഈ എഴുത്തുകൾ പങ്കുവെക്കുന്നു.



Price: ₹70

മുസ്‌ലിം സ്വത്വത്തിന്റെ മാനങ്ങൾ

എ.കെ. അബ്ദുൽ മജീദ്

വർത്തമാനകാല മുസ്‌ലിം സമൂഹത്തെക്കുറിച്ചുള്ള സ്വതന്ത്രമായ നിരീക്ഷണങ്ങൾ. ഒരുപക്ഷത്തും ചേരാതെ നിൽക്കുന്ന സത്യസന്ധമായ ആത്മവിമർശനങ്ങൾ. ചുറ്റുപാടിലേക്കുറ്റുനോക്കുമ്പോൾ ഉള്ളിൽ നിറയുന്ന ആകുലതകൾ. കേരളീയ മുസ്‌ലിം സമൂഹത്തിന്റെ ആന്തരിക ജീവിതത്തിലെ ആശയസമരങ്ങൾക്കുള്ള അജണ്ടകൾ. ഉമ്മത്തിനെക്കുറിച്ചുള്ള ഉത്തമചിന്തകൾ ഉറഞ്ഞുകൂടിയ ചോദ്യങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ദിശതിരയുന്നവർക്കുമുമ്പിലെ ചൂണ്ടുപലകയും.



Price: ₹170

ന്യൂനപക്ഷ രാഷ്ട്രീയം ദർശനവും ദൗത്യവും

എം.ഐ. തങ്ങൾ

ഒരു ബഹുസ്വര സമൂഹത്തിൽ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ രാഷ്ട്രീയം എന്താവണം എന്ന അന്വേഷണമാണ് ഈ ഗ്രന്ഥം. സ്വാഭാവികമായും മുസ്‌ലിം ലീഗിന്റെ ഭൂതം, ഭാവി, വർത്തമാനങ്ങൾ ഇതിൽ കടന്നുവരുന്നു. താത്വികവും പ്രായോഗികവുമായ തലത്തിൽ ന്യൂനപക്ഷ രാഷ്ട്രീയ പ്രശ്നങ്ങളെ അപഗ്രഥിക്കുകയും മാർഗരേഖകൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്ന ഈ കൃതി ഏറെ ചർച്ചചെയ്യപ്പെടേണ്ട നിഗമനങ്ങളാൽ ശ്രദ്ധേയമാവുന്നു. പത്രാധിപർ, ഗ്രന്ഥകാരൻ, പ്രഭാഷകർ, വിവർത്തകൻ എന്നീ നിലകളിൽ ശ്രദ്ധേയനായ എം.ഐ. തങ്ങളുടെ വിശകലനരീതി ഈ അക്കാദമിക ഗ്രന്ഥത്തിനു മാറ്റുകൂട്ടുന്നു.



Price: ₹220
Third Edition

മുസ്‌ലിം ലീഗ് രേഖകൾ 1947-1970



രാഷ്ട്രീയപഠിതാക്കളുടെ നിരന്തരമായ അന്വേഷണങ്ങളാണ് ഈ സമാഹാരത്തിലേക്കു നയിച്ചത്. രാജ്യത്തിന്റെ രാഷ്ട്രീയസംവിധാനത്തിന്റെ അവിഭാജ്യ ഘടകമായിത്തീർന്ന ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ പ്രസിദ്ധീകൃതമായ രേഖകൾ ഒരു വാല്യത്തിൽ ലഭ്യമാവുന്നത് പലർക്കും പ്രയോജനമായിരിക്കും. ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗിന്റെ പുനരുജ്ജീവൽക്കരണം മുതൽ 1970 വരെ പ്രത്യേകിച്ചും കേരള രാഷ്ട്രീയവുമായി ബന്ധപ്പെട്ട ചരിത്രസന്ധികളിലേക്കും ഈ പുസ്തകം വെളിച്ചം വീശുന്നു.


Price: ₹300

മതവും രാഷ്ട്രീയവും ഇന്ത്യയിൽ

ജി.എം. ബനാത്ത്‌വാല

മത സാംസ്കാരിക വൈവിദ്ധ്യങ്ങൾ സമ്പന്നമാക്കിയ ഇന്ത്യൻ സാമൂഹികഘടനയിൽ മതവും ഭരണകൂട-നിയമ-രാഷ്ട്രീയ വ്യവസ്ഥകളും തമ്മിലെ ബന്ധങ്ങളുടെ ചരിത്രപരവും സാമൂഹികശാസ്ത്രപരവുമായ അന്വേഷണങ്ങൾക്ക് മാർഗ്ഗരേഖയാണ് ഈ പുസ്തകം.

മൊഴിമാറ്റം:
അഹമദ് മൂന്നാംകൈ



ബനാത്ത്‌വാല പുസ്തക പരമ്പര
Price: ₹220

ISBN:
9788192895277

മായുന്ന ചുവപ്പ്

അബ്ദുറഹ്മാൻ രണ്ടത്താണി

നിയമസഭാംഗമെന്ന നിലയിൽ സഭക്കുള്ളിലും പൊതുവേദികളിലും ഔദ്യോഗികസദസ്സുകളിലും പൊതുചർച്ചകളിലും തീക്ഷ്ണതയോടെ നടത്തിയ ആശയസംവാദങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങളുടെ സമാഹാരം.




Price: ₹120

കേരളത്തിലെ അറബിപഠനവും '80ലെ ഭാഷാസമരവും

മുബാറക് തിരൂർക്കാട്

കേരളത്തിലെ അറബിഭാഷാ പഠനചരിത്രത്തിൽ ചുട്ടുനിണം പടർന്ന അധ്യായമാണ് 1980ലെ ഭാഷാസമരം. ഭരണകൂടത്തിന്റെ ഭാഷാവിരുദ്ധ പരിഷ്കരണങ്ങളോട് സമരംചെയ്ത മൂന്നുയുവാക്കൾ മലപ്പുറത്തെ തെരുവിൽ വെടിയേറ്റു വീണു. അറബിഭാഷാ പഠനരംഗത്ത് കേരളത്തിൽ പിൽക്കാലത്തുണ്ടായ മുന്നേറ്റവും വളർച്ചയും പഠനവിധേയമാക്കുന്നവർ, ആ ബലിദാനം വിഫലമായില്ലെന്ന് രേഖപ്പെടുത്തും. അത്തരം പഠനങ്ങളിൽ ഒന്നാണ് ഈ കൃതി.



Price: ₹70

പാർട്ടി പത്രപ്രവർത്തകന്റെ ഓർമ്മക്കുറിപ്പുകൾ

ടി.സി. മുഹമ്മദ്

മുപ്പത്തിരണ്ടുവർഷം *ചന്ദ്രിക* പത്രാധിപസമിതി അംഗമായി സേവനമനുഷ്ഠിച്ച ടി.സി. മുഹമ്മദിന്റെ അനുഭവക്കുറിപ്പുകളാണ് ഈ കൃതി. മുസ്ലിംലീഗിന്റെ അരനൂറ്റാണ്ടു കാലത്തെ ചരിത്രവും സ്വാധീനിച്ച വ്യക്തികളുടെ നിറവാർന്ന ശ്രേലികാചിത്രങ്ങളും ഈ ഓർമ്മയെഴുത്തിനെ ചേതോഹരമാക്കുന്നു. മുസ്ലിം ലീഗിനെയും അതിന്റെ മുഖപത്രമായ *ചന്ദ്രിക*യെയും ജീവശ്വാസമാക്കി മാറ്റിയ ഒരു പത്രപ്രവർത്തകന്റെ ആർജ്ജവവും നർമ്മവും സാരള്യവും നിറഞ്ഞ രചന.




Price: ₹120

മലപ്പുറം ജില്ല പിറവിയും പ്രയാണവും

ടി.പി.എം. ബഷീർ

കോളനിഭരണത്തിന്റെ അടിച്ചമർത്തലിൽ പിന്നോട്ടുപോയ പ്രദേശങ്ങളുടെ ഉയിർത്തെഴുന്നേൽപ്പിന്റെ കാഹളധ്വനിയിയാരുന്ന മലപ്പുറം ജില്ലാ രൂപവൽക്കരണം. അവഗണനയിൽനിന്ന് വികസനത്തിലേക്ക് ഒരു കുതിച്ചുചാട്ടം! അനഭിലഷണീയമായ ചില തലങ്ങളിലേക്ക് താണുപോയ ബാലിശമായ എതിർപ്പുകളെ രാഷ്ട്രീയമായ ഇച്ഛാശക്തികൊണ്ട് അതിജയിച്ച് 1969 ജൂൺ 16ന് മലപ്പുറം ജില്ല യാഥാർത്ഥ്യമായി. വളർച്ചയുടെ പുതിയ മാനങ്ങൾ തേടുന്ന ഒരു ഭൂപ്രദേശത്തിന്റെ കഥ. മലപ്പുറം ജില്ലയുടെ പിറവിയുടെയും അമ്പതാണ്ടുതികയാൻ പോകുന്ന പ്രയാണത്തിന്റെയും ചരിത്രം.



Price: ₹400
2nd Edition

ISBN:
9788192895253

പരിസ്ഥിതി: ഇസ്‌ലാമിക പരിപ്രേക്ഷ്യം

ഡോ. അബ്ദുൽ മജീദ് ഉമർ

ലോകത്താകമാനമുള്ള മനുഷ്യസമൂഹങ്ങൾക്കിടയിൽ പാരിസ്ഥിതികാവബോധം നവമാനങ്ങൾ തേടുന്നുണ്ട്. മനുഷ്യവംശത്തിന്റെ നിലനിൽപ്പിന്റെ ചോദ്യങ്ങളിലേക്കാണ് അത് വികസിക്കുന്നത്. പ്രപഞ്ചസൃഷ്ടിയിലെ ദൈവിക ദൃഷ്ടാന്തങ്ങളിലൂടെ ഖുർആനികമായ പ്രപഞ്ചസങ്കൽപ്പത്തിലൂടെ പ്രവാചകജീവിതത്തിലെ പ്രായോഗിക സാക്ഷ്യങ്ങളിലൂടെ രൂപംകൊള്ളുന്നതാണ് ഇസ്‌ലാമിക പരിസ്ഥിതി ദർശനം. അറബിഭാഷയിൽ രചിക്കപ്പെട്ട പാരിസ്ഥിതിക പഠന ഗ്രന്ഥത്തിന്റെ മലയാള വിവർത്തനമാണിത്.

മൊഴിമാറ്റം:
അബ്ദുല്ലത്തീഫ് കൊടുവള്ളി



Price: ₹200

ISBN
9788192895277

Minority Politics: Ideology and Mission

M I Thangal

The Principle that each group is entitled to free development on it's on line is not inspired by any feeling of narrow communalism. Communalism and community consciousness are different things. A community which is inspired by a feeling of ill will towards other communities is low and ignoble. I entertain the highest respect for the customs, laws and religious and social institutions of other communities. Nay, it is my duty, according to the teaching of the Qur'an, even to defense the places of worship, if need be. But I love the communal group which is the course of my life and behavior and which has formed me what I am by giving me its religion, its literature, its thoughts, its culture; and thereby creating its whole past as a living operative factor, in my present consciousness.

- Allama Muhammad Iqbal

Translated by **Aboobacker Kappad**




Price: ₹300
ISBN: 9788192895239

ജി.എം. ബനാത്ത്‌വാല: പാർലമെന്റ് പ്രഭാഷണങ്ങൾ വാല്യം 1

പ്രശസ്ത പാർലമെന്റേിയനായിരുന്ന ജി.എം ബനാത്ത്‌വാല ഇന്ത്യൻ പാർലമെൻറിൽ ചെയ്ത പ്രഭാഷണങ്ങളിൽ നിന്നും തെരഞ്ഞെടുത്തവയുടെ സമാഹാരം. സങ്കീർണ്ണമായ ദേശീയപ്രശ്നങ്ങളിൽ ഇടപെട്ട് ഇന്ത്യൻ നിയമവ്യവസ്ഥക്കും പൈതൃക സംസ്കാരത്തിനും ഇണങ്ങുന്ന രീതിയിൽ ബനാത്ത്‌വാല പ്രതികരിക്കുന്നു. പാർലമെന്റിൽ ചരിത്രം സൃഷ്ടിച്ച, ഇന്ത്യൻ നിയമനിർമാണത്തെപ്പോലും സ്വാധീനിച്ച അപൂർവ പ്രഭാഷണങ്ങൾ. അഗാധമായ ഉൾക്കാഴ്ചയും ദാർശനികമായ പ്രതിബദ്ധതയും പ്രകാശനം ചെയ്യുന്ന ഈ ഗ്രന്ഥം രാഷ്ട്രീയ നയരൂപീകരണത്തിനും പാർലമെന്റ് നടപടികളുടെ പഠനത്തിനും സഹായകമാകും.

വിവർത്തനം: അഹ്മദ് മൂന്നാംകൈ



ബനാത്ത്‌വാല പുസ്തക പരമ്പര
Price: ₹250

ISBN: 9788192895208

മലബാർ സമരം: കോഴിക്കോട് താലൂക്കിലെ ചെറുത്തുനിൽപും പാലക്കാംതൊടിക അബൂബക്കർ മുസ്‌ലിയാരും

ഡോ. മോയിൻ മലയമ്മ

1921ലെ മാപ്പിള സമരങ്ങൾ ഏറനാടിന്റെയും വള്ളുവനാടിന്റെയും പശ്ചാത്തലത്തിൽ നിന്നു മാത്രമേ അധികവും വായിക്കപ്പെട്ടിട്ടുള്ളൂ. കോഴിക്കോട് താലൂക്കിനെ കേന്ദ്രീകരിച്ച് അർഹിക്കുന്ന പഠനങ്ങളുണ്ടായിട്ടില്ല. കോഴിക്കോട്ടെ മലയോര ഗ്രാമങ്ങളിലേക്ക് സമരം എത്രമാത്രം വ്യാപിച്ചിരുന്നുവെന്ന് വിശകലനം ചെയ്യുന്നതാണ് ഈ പഠനം. ഇവിടത്തെ ഖിലാഫത്ത് കമ്മിറ്റികളും സമരനായകൻ പാലക്കാംതൊടിക അബൂബക്കർ മുസ്‌ലിയാരും അതിൽ വഹിച്ച പങ്കാളിത്തവും ഇത് ചർച്ചചെയ്യുന്നു. ഖിലാഫത്ത് സമരത്തിന്റെ ഒരു നൂറ്റാണ്ടിനുശേഷം അതിലെ സംഭവങ്ങൾ പുതിയ പഠനങ്ങളിലൂടെ പുറത്തുവരുന്നത് ശ്രദ്ധേയമാണ്. ഇത്തരം പ്രാദേശികചരിത്രം സംബന്ധിച്ച പഠനങ്ങൾ സമരത്തിന്റെ ഒരു പുനർവായനക്ക് ഏറെ സഹായംചെയ്യും.

- ഡോ. കെ.കെ.എൻ. കുറുപ്പ്



1921-2021 മലബാർ സമരത്തിന്റെ നൂറ് വർഷങ്ങൾ
Price: ₹240
2nd Edition

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ

ഇ. അഹമ്മദ്

ഇന്ത്യൻ മുസ്‌ലിംകളുടെ നവോത്ഥാനത്തിന്റെ കഥ ചരിത്രത്തിലെ അതിമഹത്തായ ഒരദ്ധ്യായമാണ്. സർ സയ്യിദിന്റെ യാഥാർത്ഥ്യബോധവും നവോത്ഥാനചിന്തകളും അല്ലാമാ ഇഖ്ബാലിന്റെ കാവ്യസമ്പത്തും ദാർശനികചിന്തകളും മൗലാനാ മുഹമ്മദലിയുടെ ദേശാഭിമാനബോധവും സാമൂഹിക പ്രതിബദ്ധതയും മുഹമ്മദ ലിജിന്നയുടെ രാഷ്ട്രീയചിന്തയും ജനാധിപത്യദർശനവും. ദേശീയ സ്വാതന്ത്ര്യത്തിനായി ജീവിതം സമർപ്പിച്ച ധീരജന്മങ്ങളുടെ ജീവചരിത്രം കൂടി രേഖപ്പെടുത്തുന്നതാണ് ഈ കൃതി.



Price: ₹340

ISBN:
9788192895208

ഇശൽ പൂത്ത മലയാളം

കെ. അബൂബക്കർ, അബ്ദുറഹ്മാൻ മങ്ങാട്

അറബിമലയാളവും അതിലെ രചനകളും ഭാഷാചരിത്രത്തിലോ സാഹിത്യചരിത്രത്തിലോ വേണ്ടവിധം പരാമർശിക്കപ്പെട്ടിട്ടില്ല. മലയാളത്തിന്റെ പൊതുപശ്ചാത്തലത്തിൽ അറബിമലയാളരചനകളെ പരിശോധിക്കുന്ന പഠനങ്ങൾ വളരെ വിരളമായതാകാം കാരണം. ഉള്ളവ തന്നെ പതിറ്റാണ്ടുകൾ പഴക്കമുള്ള ആനുകാലികങ്ങളിൽ മറഞ്ഞുകിടക്കുകയാണ്. ശ്രീനാട്ട കുഞ്ഞൻപിള്ള, സി. അച്യുതമേനോൻ, ടി. ഉബൈദ്, പി. ഭാസ്കരൻ, ഒ. ആമു, എ.പി.പി. നമ്പൂതിരി, പുന്നയൂർക്കുളം ബാപ്പു, ആലങ്ങോട്ടു ലീലാകൃഷ്ണൻ തുടങ്ങിയവരുടെ രചനകൾ ഈ കൃതിയുടെ മൂല്യം പെരുപ്പിക്കുന്നു. അറബിമലയാളത്തെ പൊതുമലയാളവുമായി കണ്ണിചേർക്കാനുള്ള സാർഥകശ്രമം.



Price: ₹130

മുസ്‌ലിം ലീഗ് നൂറ്റാണ്ടിന്റെ ചരിത്രം

എ എം ഹനീഫ്

മുസ്‌ലിം ലീഗ് സംഘടനയുടെ പ്രവർത്തന ചരിത്രം തമിഴ്‌നാട് രാഷ്ട്രീയ പശ്ചാത്തലത്തിൽവിലയിരുത്തുന്ന ഗ്രന്ഥം. പല സുപ്രധാന സംഭവങ്ങളും വിശകലനം ചെയ്യുന്ന ആധികാരിക പഠനം.

വിവർത്തനം:
ഷാഹി ചെറുമാവിലായി



മുസ്‌ലിം രാഷ്ട്രീയ പഠന പരമ്പര
Price: ₹250

സമൂഹ നിർമ്മിതിയുടെ രാഷ്ട്രീയം

കുട്ടി അഹ്മദ്കുട്ടി

സാമൂഹികപരതയുടെ രാഷ്ട്രീമാനങ്ങൾ വിശകലനം ചെയ്യുന്ന പഠനങ്ങളുടെ സമാഹാരം. കേരളീയ സമൂഹത്തിലെ പല സമസ്യകളും അനാവരണം ചെയ്യുന്ന കൃതി.



1921 ഖിലാഫത്തും കോൺഗ്രസും

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ രക്തരൂക്ഷിതമായ 1921ലെ മലബാർ കലാപകാലത്തെ ഫത്‌വകളും ആഹ്വാനങ്ങളും ചരിത്രപ്രാധാന്യമുള്ള മറ്റു രേഖകളും 1921 പഠനത്തിലെ വഴിത്തിരവാണ്

എഡിറ്റർ:
അഷ്‌റഫ് തങ്ങൾ



1921-2021
മലബാർ
സമരത്തിന്റെ
നൂറ് വർഷങ്ങൾ

1921 ഫത്‌വകൾ ആഹ്വാനങ്ങൾ

1921ലെ മലബാർ കലാപം ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാണെന്ന അസന്നിഗ്ദമായി അടയാളപ്പെടുത്തുന്ന കൃതി. 1921 പഠനത്തിലെ പ്രധാന രേഖകൾ

എഡിറ്റർ:
അബ്ദുറഹ്മാൻ മങ്ങാട്



1921-2021
മലബാർ
സമരത്തിന്റെ
നൂറ്
വർഷങ്ങൾ

ടിപി കുട്ടിയമ്മു സാഹിബ്

സി ടി ബഷീർ

കേരള പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയറും *ചന്ദ്രിക* ജനറൽ മാനേജരും ആയിരുന്ന ടി.പി. കുട്ടിയമ്മു സാഹിബിന്റെ ജീവിതത്തിലൂടെയുള്ള യാത്ര. കേരളത്തിന് ഇൻഡോ-സാർസനിക് നിർമ്മാണ രീതി പരിചയപ്പെടുത്തിയത് ടി.പി. കുട്ടിയമ്മു സാഹിബാണ്. രാഷ്ട്രീയ-മത നേതൃ സ്ഥാനങ്ങളിൽ ഉണ്ടായിരുന്നില്ലെങ്കിലും കേരള രാഷ്ട്രീയത്തിലും സമുദായ വളർച്ചക്കും ദിശാബോധം നൽകുകയും പ്രചോദിതനാക്കുകയും ചെയ്ത അദ്ദേഹം.




നേതൃസ്മൃതി

നിസാഉൽ ഇസ്‌ലാം മാസിക

എഡിറ്റർ
കെ.സി. കോമുക്കുട്ടി മൗലവി

കേരളത്തിൽ ആദ്യമായി പുറത്തിറങ്ങിയ വനിതാ മാസികയുടെ അറബിമലയാളത്തിൽ നിന്നുള്ള ലിപ്യാന്തരം.

ലിപ്യാന്തരം
പി.കെ. അബ്ദുല്ല



ഉപ്പി സാഹിബ്

ടി സി മുഹമ്മദ്


മലബാർ കലാപാനന്തരമുള്ള മാപ്പിളമാരുടെ അവശതകളെ മദ്രാസ് നിയമസഭയിൽ അവതരിപ്പിച്ചത്. കോട്ടാൽ ഉപ്പി സാഹിബായിരുന്നു. കുടിയാൻമാർക്ക് വേണ്ടി നിയമസഭയിൽ വാദിച്ച ജന്മി. മദ്രാസ് അസംബ്ലിയിൽ മുസ്‌ലിം ലീഗ് ലീഡറായിരുന്ന അദ്ദേഹം. നിയമസഭാ പ്രസംഗങ്ങൾ, ചരിത്രരേഖകൾ എന്നിവയെ ആസ്പദമാക്കി തയ്യാറാക്കിയ പഠനം



നേത്യസ്മൃതി
Price: ₹

റഹീം മേച്ചേരിയുടെ തെരഞ്ഞെടുത്ത ലേഖനങ്ങൾ

മലയാളിയുടെ സാമൂഹ്യബോധത്തെ സദാ ജ്വലിപ്പിച്ചുനിറുത്തിയ ചൂടാർന്ന ചിന്തകളുടെ അക്ഷരരൂപങ്ങൾ. അത്യപൂർവ്വമായ സിദ്ധികളുമായി നമുക്കിടയിലൂടെ സഞ്ചരിച്ച് ചരിത്രത്തിലേക്കു മറഞ്ഞ റഹീം മേച്ചേരി കാലത്തിനു സൂക്ഷിക്കാൻ ഏൽപ്പിച്ച അമൂല്യരേഖകൾ. ആനുകാലിക സംഭവങ്ങളെ അപഗ്രഥിച്ചുകൊണ്ട് മൂന്നരപതിറ്റാണ്ട് മാധ്യമരംഗത്ത് നിലയിറുപ്പിച്ച രാഷ്ട്രീയപണ്ഡിതനും അനുഗ്രഹീത തൂലികാകാരനുമായിരുന്ന റഹീം മേച്ചേരിയുടെ തെരഞ്ഞെടുത്ത ലേഖനങ്ങളുടെ സമാഹാരമാണിത്.



നേത്യസ്മൃതി
Price: ₹500

1921 ആംഗ്ലോ-മാപ്പിള യുദ്ധം

എ.കെ. കോഡൂർ

1921ലെ മലബാർ മാപ്പിള കലാപത്തെക്കുറിച്ചുള്ള പല രേഖകളും പരിശോധിച്ചപ്പോൾ പല സംഭവങ്ങളും തമസ്കരിക്കപ്പെട്ടതായും ഇടവിടവുള്ളതായും കണ്ടു. അപ്പോൾ സംഭവങ്ങളുമായി ഏറനാട്, വള്ളുവനാട് പ്രദേശങ്ങളിലെ ബന്ധപ്പെട്ടവരെ നേരിട്ടു കണ്ടു സംസാരിച്ച് വിവരങ്ങൾ ശേഖരിച്ചു. ഇങ്ങിനെയാണ് ജ. എ.കെ. കോഡൂർ സമൂഹചരിത്ര രചനയിലേക്കെത്തിയത്. രീതി ഒരു മുൻവിധിയായിരുന്നില്ല എന്നർത്ഥം.

– എൻ.എൻ. മൂസ്സത്
(1999ൽ പുറത്തിറങ്ങിയ ഒന്നാം പതിപ്പിന്റെ അവതാരികയിൽ നിന്ന്)



1921-2021
മലബാർ
സമരത്തിന്റെ
നൂറ് വർഷങ്ങൾ

Price: ₹500

അഭിപ്രായ സ്വാതന്ത്ര്യം, ദൈവനിന്ദ, സെക്കുലർ വിമർശം

തലാൽ അസദ്

ഏറെ ചർച്ച ചെയ്യപ്പെട്ട ഡാനിഷ് നബിനിന്ദാ കാർട്ടൂണിന് ശേഷം ഉയർന്ന് വന്ന 'അഭിപ്രായ സ്വാതന്ത്ര്യം, ദൈവനിന്ദ' തുടങ്ങിയ വിഷയങ്ങളെ അക്കാദമികമായി വിശകലനം ചെയ്യുന്ന കൃതി. പ്രമുഖ നരവംശ ശാസ്ത്രജ്ഞൻ തലാൽ അസദിന്റെ രചന.

വിവർത്തനം:
സി.കെ. അബ്ദുൽ അസീസ്



Price: ₹ 90

സംഘബോധത്തിന്റെ ഹരിതസാക്ഷി

എം.ഐ. തങ്ങൾ

സമകാലിക സംഭവങ്ങളെ താത്വികവും പ്രായോഗികവുമായി അപഗ്രഥിക്കുന്ന ലേഖനങ്ങളുടെ സമാഹാരം. മതേതര ജനാധിപത്യ പുരോഗമന കാഴ്ചപ്പാടിൽ ആശയധാരകളെ അവലോകനം ചെയ്യുന്ന ഈടുറ്റ ലേഖനങ്ങൾ.



സി എച്ച് മുഹമ്മദ് കോയ രാഷ്ട്രീയ ജീവചരിത്രം

എം.സി. വടകര

കരിക്കട്ടകളെപ്പോലും കനൽകട്ടകളാക്കി മാറ്റുന്ന കരവിരുതും കരിമ്പാറക്കൂട്ടങ്ങളെപ്പോലും കാട്ടരുവികളാക്കി ഒഴുക്കുന്ന വാഗ്വിലാസവുമായി നാലുപതിറ്റാണ്ടുകാലം കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ മേഘജ്യോതിസ്സിന്റെ പ്രഭാവത്തോടെ ആളിക്കത്തിയ ഉത്തുംഗ പ്രതിഭയാണ് സി എച്ച്. സി.എച്ചിനെ കേന്ദ്രബിന്ദുവാക്കി ഈ കാലഘട്ടത്തിന്റെ രാഷ്ട്രീയ ചരിത്രം അവലോകനം ചെയ്യുന്ന അപൂർവ സുന്ദരമായ കൃതിയാണിത്. ശ്രമകരമായ ഗവേഷണ സപര്യയുടെ തിളക്കമുള്ള രചന.




സി.എച്ച് മുഹമ്മദ് കോയ പുസ്തക പരമ്പര

സി എച്ച് മുഹമ്മദ് കോയ ജീവിതവും വീക്ഷണവും

പി എ മഹ്ബൂബ്

സി.എച്ച് മുഹമ്മദ് കോയയുടെ പ്രഭാഷണങ്ങൾ, ലേഖനങ്ങൾ എന്നിവയിലെ നർമ്മവും മൂർച്ചയും അപഗ്രഥിക്കുന്ന കൃതി. കേരള രാഷ്ട്രീയത്തിലെ ചലനങ്ങൾ ഒപ്പിയെടുത്ത് സി.എച്ച് ഉപയോഗിച്ച വാക്കുകളെ വിലയിരുത്തുന്നു.




സി.എച്ച് മുഹമ്മദ് കോയ പുസ്തക പരമ്പര

മൗലാനാ മുഹമ്മദലി

കെ എം സീതി സാഹിബ്

"മുഹമ്മദലിയുടെ ഹൃദയം നെപ്പോളിയന്റെ ഹൃദയമായിരുന്നു. അദ്ദേഹത്തിന്റെ പേന മെക്കാളെയുടെ പേനയായിരുന്നു. അദ്ദേഹത്തിന്റെ നാവ് ബാർക്കിന്റെ നാവായിരുന്നു."

സർവ്വേന്ത്യാ മുസ്ലിം ലീഗിന്റെയും ഖിലാഫത്ത് സമരത്തിന്റെയും നായകനായിരുന്ന മൗലാനാ മുഹമ്മദലിയുടെ ജീവിചരിത്രം. ഡൽഹി ജാമിഅ മില്ലിയ സ്ഥാപകനും കാക്കിനാടാ കോൺഗ്രസ്സ് സമ്മേളനത്തിന്റെ അധ്യക്ഷനുമായിരുന്ന മൗലാനാ മുഹമ്മദലിയുടെ ജീവിതത്തെ കുറിച്ച് ജാമിഅ മില്ലിയ്യ ഉറുദുവിൽ പ്രസിദ്ധീകരിച്ച ജീവ ചരിത്രത്തെയും വട്ടമേശ സമ്മേള രേഖകളെയും അവലംബിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്.



നേതൃസ്മൃതി

അല്ലാമാ ഇഖ്ബാൽ

അഹമ്മദ് മൂന്നാംകൈ

കവിയും ദാർശനികനുമായിരുന്ന അല്ലാമാ ഇഖ്ബാലിന്റെ ജീവിച രിത്രം. ഇന്ത്യാ ഉപഭ്രഖണ്ഡത്തി ലെ മുസ്ലിംകൾക്ക് രാഷ്ട്രീയ ദിശാബോധം നൽകിയ ബുദ്ധി ജീവി.



Price: ₹

ഡോ. സി.കെ. കരീം എഴുത്തും ജീവിതവും

ബക്കർ മേത്തല

ഡോ. സി കെ കരീമിന്റെ ജീവിതകഥ പ്രധാനമായും ചരിത്രാന്വേഷണങ്ങൾക്കുവേണ്ടി സമർപ്പിക്കപ്പെട്ട ഒരാളുടെ ജീവിതക ഥയാണ്. ഒപ്പം ചരിത്രരചനയിലെ പക്ഷപാതിത്വങ്ങൾക്കും തമസ്ക രണങ്ങൾക്കുമെതിരെ പോരാടി വിജയിച്ച കഥയുമാണ്. ചരിത്രര ചനയുടെ വഴികളിലൂടെ അദ്ദേഹം ധീരമായി മുന്നോട്ടുപോയി. ധീരനും സാഹസികനുമായ ഡോ. സി കെ കരീം എന്ന ചരിത്രാന്വേഷിയുടെ ജീവിത കഥയാണിത്. ചരിത്രത്തി ലെ ജനാധിപത്യവൽക്കരണത്തി നുവേണ്ടി തുലിക പടവാളാക്കി പോരാടിയ ഒരു ധീരാത്മാവിന്റെ കഥ.



നേത്രസ്മൃതി
Price: ₹

വാഗൺ ട്രാജഡി സ്മരണിക

"ഒരായിരം സ്മരണികകളും സ്മാരക പ്പതിപ്പുകളും മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പലതും സൂര്യവെളിച്ചം കാണാതെ അച്ചടിശാലകളുടെ ഗോഡൗണുകളിലും സംഘാടകരുടെ ഓഫീസുകളിലും കുമ്മിയായി കിടക്കുന്ന എന്ന സത്യം ഈ ആവേശത്തിന്റെ മറുവശമാണ്. ഇവിടെയാണ് വാഗൺ ട്രാജഡി സ്മരണികയുടെ പ്രസക്തിയും മഹിമയും വർദ്ധിക്കുന്നത്."

(22.11.1996ൽ മെക്കോ പ്രസിദ്ധീകരിച്ച ഒന്നാം പതിപ്പിൽ നിന്ന്)

ക്രോഡീകരണവും പൂരണവും:
അബ്ദു ചെറുവാടി



1921-2021
മലബാർ
സമരത്തിന്റെ
നൂറ്
വർഷങ്ങൾ

മുസ്‌ലിം ലീഗ് സംഘടനാപർവം വയനാട്

പി.എം.എ, തങ്ങൾ

മലനിരകളുടെ നാട്ടിൽ തോട്ടം തൊഴിലാളി മേഖലകളിൽ മുസ്‌ലിം ലീഗിനെ വളർത്തിയെടുക്കുന്നതിന് വേണ്ടിയുള്ള ത്യാഗോജ്ജ്വല പോരാട്ടങ്ങളുടെ വിവരണം, സംഘാടനത്തിന്റെ രീതി ശാസ്ത്രവും, സംഘടിത മുന്നേറ്റത്തിന്റെ രസതന്ത്രവും പ്രതിപാദിക്കുന്നു. വെല്ലുവിളികളെ അതിജീവിച്ച് പ്രസ്ഥാനം വളർത്തുന്ന വിധവും എതിർപ്പിന്റെ സ്വഹാല തന്ത്രങ്ങളും ചർച്ച ചെയ്യുന്ന പുസ്തകം. രാഷ്ട്രീയ പ്രവർത്തകർ നിർബന്ധമായും വായിച്ചിരിക്കേണ്ട പുസ്തകം. രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് ഇതൊരു മുതൽക്കൂട്ടായിരിക്കും. കവിയും വയനാട്ടിലെ മുസ്‌ലിം ലീഗ് സംഘാടകനുമായിരുന്ന പി.എം.എ തങ്ങളുടെ രചന.



മുസ്‌ലിം
രാഷ്ട്രീയ പഠന
പരമ്പര

What Price Freedom

Muhammad Raza Khan


This book owes its origin to the genuine desire of an Indian Muslim to present a true picture of the currents and crosscurrents in the lndian political scene during the decades which culminated in Indian Independence and the birth of Pakistan. It represents a humble attempt to give a true historical survey of the main political trends and developments from a different angle.



AHAMED SAHIB Memoir of an enduring Legacy

Puthur Rahman

How E. Ahamed won over his time and space to become a successful Muslim politician in India? And how faith, knowledge, extensive reading, self-esteem and a willingness to mingle made him respectable and revered by all? This book analyses his personality from diverse angles of memories which inspire us to work harder to reclaim a secular, democratic India which has a space for meaningful minority politics. A must-read on the contemporary minority politics in India.



Price: ₹250

ഗ്രെയ്സ് ബുക്സിൽ നിന്നും 2019-20 ൽ പുറത്തിറങ്ങുന്ന പുസ്തകങ്ങൾ

1. റഹീം മേച്ചേരി ലേഖന സമാഹാരം (15 വാല്യം)
2. ബനാത്ത് വാലയുടെ പാർലമെന്റ് പ്രസംഗങ്ങൾ വാല്യം 2
3. സി.കെ. അബ്ദുൽ അസീസ് ലേഖന സമാഹാരം
4. മുസ്‌ലിം വ്യക്തിനിയമം ചരിത്രവും പോരാട്ടവും
   ടി.പി.എം. ബഷീർ
5. ബനാത്ത് വാലയുടെ അനൗദ്യോഗിക ബില്ലുകൾ
   റഷീദ് അഹമദ്
6. സീതി സാഹിബ് ലേഖന സമാഹാരം
7. കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ ചരിത്രം
   ഷരീഫ് സാഗർ
8. ജ്യൂറികളോട്
   മൗലാനാ മുഹമ്മദലി
9. മുസ്‌ലിം രാഷ്ട്രീയത്തിന്റെ നൂറു വർഷങ്ങൾ
   എം.സി. വടകര
10. History of Muslim Politics in India – M I Thangal (Translation)

നേതൃസ്മൃതി പരമ്പര

11. ശൈഖ് ഹമദാനി
    അബ്ദുറഹ്മാൻ മങ്ങാട്
12. ജിന്നാ സാഹിബ്
    എം.ഐ. തങ്ങൾ
13. ബനാത്ത് വാല
    ഷരീഫ് സാഗർ &
    അഹമദ് മൂന്നാംകൈ
14. കീഴന കുഞ്ഞബ്ദുല്ല മുസ്ലിയാർ
    ഷഫീഖ് വഴിപ്പാറ


സി.എച്ച് മുഹമ്മദ് കോയ പുസ്തക പരമ്പര

15. സി.എച്ച് ലേഖന സമാഹാരം
16. സി.എച്ച് പാർലമെന്റ് പ്രഭാഷണങ്ങൾ

സാംസ്കാരിക പഠനം

17. അറബിമലയാള ഗ്രന്ഥസൂചി (Annotated Bibliography)
    അബ്ദുറഹ്മാൻ മങ്ങാട്
18. കപ്പപ്പാട്ട്
19. സമകാലീന ചിന്തകൾ
    സി.കെ ഫൈസൽ പുത്തനഴി

Grace Books



PB No: 3, Camp Sayyid
Malappuram - 676 317
Kerala India

Mob: **96339 02944**
Email: **gracevelimukku@gmail.com**

www.mappilaheritagelibrary.com